## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 1635
## 17.06.2013 ലെ മറുപടിക്ക്

### പൊതുമേഖല/ അതോറിറ്റി/കൗൺസിൽ/ബോർഡ് തുടങ്ങിയവയിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കൽ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. എ. ബേബി | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| എ. | സംസ്ഥാനത്തെ പൊതുമേഖല/ അതോറിറ്റി /കൗൺസിൽ/ബോർഡ് തുടങ്ങിയവയിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | പെൻഷൻ പദ്ധതി നിലവിലില്ലാത്ത സംസ്ഥാനത്തെ പൊതുമേഖല/ അതോറിറ്റി കൗൺസിൽ/ബോർഡ് തുടങ്ങിയവയിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുവാൻ സർക്കാർ ഇതു വരെ പൊതുവായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| ബി. | എങ്കിൽ ഇവയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | ഉദിക്കുന്നില്ല |
| സി. | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നാണ് പ്രവർത്തനം തുടങ്ങിയത് ; | 21.11.2002 ലാണ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രവർത്തനം ആരംഭിച്ചത്. |
| ഡി. | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | സർക്കാർ പങ്കാളിത്തത്തോടെ ഒരു പെൻഷൻ പദ്ധതി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ജീവനക്കാർക്ക് തത്വത്തിൽ അനുവദിച്ചു കൊണ്ട് 01.03.2011 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 01/2011/ശാ.സാ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ |

| | | |
|---|---|---|
| | | ജീവനക്കാരിൽ 31.03.2013 ൽ സർവ്വീസിൽ ഉള്ളവർക്കായി സർക്കാർ പങ്കാളിത്തത്തോടെ സ്വാശ്രയ പെൻഷൻ പദ്ധതിയും 01.04.2013 നു ശേഷം ചേരുന്നവർക്ക് എൻ.പി.എസ് പദ്ധതിയും നടപ്പിലാക്കുന്നതിന് പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഘടന, അതിൽ സർക്കാർ നൽകേണ്ട ഒറ്റത്തവണ സാമ്പത്തിക സഹായം എന്നിവ നിർദ്ദേശിക്കുവാൻ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ